പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1812

17.12.2012 ലെ മറുപടിയ്ക്ക്

**ജെ.എൻ.റ്റി.ബി.ജി.ആർ.ഐ. താൽക്കാലിക ജീവനക്കാരുടെ നിയമനവും സ്ഥിരപ്പെടുത്തലും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പാലോട് ജെ.എൻ.റ്റി.ബി.ജി.ആർ. ഐ-ൽ ഒരേ തസ്തികയിൽ ഒരേ ദിവസം താൽക്കാലിക ജോലിയിൽ പ്രവേശിച്ച ദളിത് വിഭാഗത്തിൽപ്പെട്ട ശ്രീ. ലാലൻ, ശ്രീ. ഉല്ലാസ് എന്നിവർ സ്ഥിരനിയമനം ലഭിക്കുന്നതിലേക്കായി സമർപ്പിച്ച അപേക്ഷകളിൽ ശ്രീ .ഉല്ലാസിന്റെ അപേക്ഷ മാത്രം പരിഗണിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ ; | (എ) . ശ്രീ. ഉല്ലാസ് ജെ.എൻ.ടി.ബി.ജി.ആർ. ഐ ലെ പ്രോജക്ടിൽ; ഫീൽഡ് മാനായി തുടർന്ന് വരവെയാണ് സ്ഥിര നിയമനത്തിനായി അപേക്ഷ നൽകിയിത്. ടി അപേക്ഷയിന്മേൽ ജെ.എൻ.ടി.ബി.ജി.ആർ. ഐ ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.ഉല്ലാസിന് ഗാർഡനറായി നിയമനം നൽകിയത്. എന്നാൽ ടി സ്ഥാപനത്തിൽ ദിവസവേതനത്തിലാണ് ശ്രീ.ലാലൻ ജോലി നോക്കിയിരുന്നത്. ടിയാൻ സ്ഥിരനിയമനത്തിനായി നൽകിയ നിവേദനവും ജെ.എൻ.ടി.ബി.ജി.ആർ. ഐ ഡയറക്ടറുടെ റിപ്പോർട്ടിനായി നൽകിയിരുന്നു.<br><br>ഈ വിഷയത്തിൽ ജെ.എൻ.ടി.ബി.ജി. ആർ. ഐ ഡയറക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം ടി സ്ഥാപനത്തിൽ ധാരാളം പേർ ദിവസവേതനാടി സ്ഥാനത്തിൽ തുടരുന്നുണ്ട് എന്നും ആയതിനാൽ ശ്രീ. ലാലന്റെ അപേക്ഷ മാത്രമായി പരിഗണിക്കുവാൻ കഴിയില്ലാ എന്നും അറിയിച്ചിരുന്നു. കൂടാതെ ഇപ്പോൾ തന്നെ ധാരാളം ജീവനക്കാർ സൂപ്പർ ന്യൂമറി തസ്തികകളിൽ തുടരുന്നതിനാൽ ശ്രീ. ലാലന്റെ സ്ഥിരനിയമനം അനുവദി ക്കുവാൻ കഴിയില്ലാ എന്നും അറിയിച്ചു. ഇക്കാരണത്താലാണ് ശ്രീ. ലാലന് നിയമനം നൽകാതിരുന്നത്. |

| | |
|---|---|
| **(ബി)** ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിലും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും സംവരണതത്വം പാലിക്കപ്പെടുന്നു ണ്ടോ ; വിശദാംശം നൽകുമോ ; | (ബി). ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ചട്ടങ്ങളിൽ നിയമന ങ്ങളുടെ കാര്യത്തിൽ സംവരണതത്വം പാലിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖകൾ ഉണ്ട് എന്നും ആയതു പ്രകാരം പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും സംവരണാനുകൂല്യം നൽകുന്നത് സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും കൗൺസിലിനും ബാധകമാണ് എന്നും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ അറിയിച്ചിട്ടുണ്ട്. |
| **(സി)** ; പാലോട് ജെ. എൻ. റ്റി . ബി . ജി . ആർ .ഐ . -ൽ അനധികൃതമായി നിയമനങ്ങളും പ്രൊമോഷനുകളും നടക്കുന്നുണ്ടോയെന്നറിയിക്കുമോ ? | (സി) അപ്രകാരം നടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ